(എഫ്) അല്ലെങ്കിൽ ഏത് കപ്പാസിറ്റിയിലാണ് അഡ്വക്കേറ്റ് ജനറൽ പങ്കെടുക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ഹയർ ഡി.പി.സി.യും ലോവർ ഡി.പി.സി. യും.

(ബി) ലാ സെക്രട്ടറി ഹയർ ഡി.പി.സി.യുടെ കൺവീനറും ലോവർ ഡി.പി.സി. യിൽ അംഗവുമാണ്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി)-(എഫ്) ഇന്ത്യൻ ഭരണഘടനയുടെ 165-ാം വകുപ്പ് പ്രകാരമാണ്, ഗവർണർ സംസ്ഥാന അഡ്വക്കേറ്റ് ജനറലിനെ നിയമിക്കുന്നത്. സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന്റെ അവകാശ-അധികാരങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്. കേരള സർവീസ് റൂൾ അഡ്വക്കേറ്റ് ജനറലിന് ബാധകമല്ല. കേരള ഫൈനാൻഷ്യൽ കോഡ് രണ്ടാം വാല്യത്തിലെ അപ്പൻഡിക്സ്-1-ൽ വകുപ്പ് മേധാവികളുടെ ലിസ്റ്റിൽ ഹൈക്കോടതി ചീഫ് ജസ്റ്റീസാണ്. പബ്ളിക് സർവീസ് കമ്മിഷണർ ചെയർമാൻ എന്നിവരെപ്പോലെതന്നെ അഡ്വക്കേറ്റ് ജനറലും ഉൾപ്പെടുന്നു. ഈ അതോറിറ്റികളുടെ കീഴിൽ വരുന്ന ഓഫീസുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പു വരുത്തുന്നതിന് വേണ്ടിയാണ് ഇപ്രകാരം ചെയ്തിട്ടുള്ളത്.

കോടതികൾ പുനരാരംഭിക്കുന്നതിന് നടപടി

130(872) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാലയിൽ പ്രവർത്തിച്ചിരുന്ന കോടതികൾ പുനരാരംഭിക്കുന്നതിന് ബഹു. ഹൈക്കോടതി മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ മുനിസിഫ്/മജിസ്ട്രേറ്റ് കോടതികൾ ഇക്കൊല്ലം തന്നെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹൈക്കോടതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിലെ ക്രമമനുസരിച്ചും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും മാത്രമേ കോടതി സ്ഥാപിക്കാൻ കഴിയുകയുള്ളൂ. മുൻഗണനാലിസ്റ്റിൽ 16-ാം സ്ഥാനത്താണ് പാറശ്ശാല മുനിസിഫ് മജിസ്ട്രേറ്റു കോടതി ഉൾപ്പെടുത്തിയിരിക്കുന്നത്.

പ്രമേഹരോഗ നിവാരണത്തിനായി ഇൻസ്റ്റിറ്റ്യൂട്ട്

131 (873) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :

LIBRARY ARCHIVES Kerala Legislative Assembly